(ഡി) 2003-04-ൽ അനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധം-I ൽ കാണാവുന്നതാണ്. † 2004-05 വർഷത്തിൽ പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടില്ല.

ആദിവാസികൾക്ക് ഭൂമി വിതരണം

187. [956] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ഭൂമി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ 2001 മേയ് മുതൽ നാളിതുവരെയായി സംസ്ഥാനത്താകെ എത്ര ആദിവാസി വിഭാഗക്കാർക്ക് എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മുഖ്യമന്ത്രിയും, സംസ്ഥാന മന്ത്രിമാരും പങ്കെടുത്ത് ഭൂമി വിതരണമേളകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഈ മേളകളിൽ വച്ച് എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ച് വരുന്നു.

തുമ്പമൺ വില്ലേജ് രൂപീകരണം

188. [957] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട പന്തളം, തുമ്പമൺ, പന്തളം തെക്കേക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലുംപെട്ട സ്ഥലം ഡീ ലിമിറ്റ് ചെയ്ത് തുമ്പമൺ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എന്നത്തേക്ക് തുമ്പമൺ വില്ലേജ് രൂപീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തുമ്പമൺ വില്ലേജ് രൂപീകരിക്കുന്നതിന് തടസ്സമായിട്ടുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly